പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.290 | 29.01.2014 ൽ മറുപടിയ്ക്ക് |
|---|---|

**അംഗൻവാടി ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ഡോ. കെ.ടി . ജലീൽ<br>ശ്രീമതി കെ. കെ. ലതിക<br>ശ്രീ. കെ. കെ. നാരായണൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |

(എ) അംഗൻവാടി ജീവനക്കാർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ;

(എ) അംഗൻവാടി ജീവനക്കാർക്ക് നൽകി വരുന്ന ഓണറേറിയം ചുവടെ ചേർക്കും പ്രകാരമാണ്.

| | | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ |
|---|---|---|---|---|
| | **അംഗൻവാടി വർക്കർ** | | | |
| 1 | നോൺമെട്രിക്കുലേറ്റ് | 2938 | 1400 | 4338 |
| 2 | നോൺമെട്രിക്കുലേറ്റ് 5 വർഷത്തിനു മേൽ സർവ്വീസുള്ളവർ | 2969 | 1400 | 4369 |
| 3 | നോൺമെട്രിക്കുലേറ്റ് 10 വർഷത്തിനു മേൽ സർവ്വീസുള്ളവർ | 3000 | 1400 | 4400 |
| 4 | മെട്രിക്കുലേറ്റ് | 3000 | 1400 | 4400 |
| 5 | മെട്രിക്കുലേറ്റ് 5 വർഷത്തിനു മേൽ സർവ്വീസുള്ളവർ | 3031 | 1400 | 4431 |
| 6 | മെട്രിക്കുലേറ്റ് 10 വർഷത്തിനു മേൽ സർവ്വീസുള്ളവർ | 3063 | 1400 | 4463 |
| | **അംഗൻവാടി ഹെൽപ്പർ** | 1500 | 1400 | 2900 |

ഇവർക്ക് നൽകി വരുന്ന മറ്റ് ആനുകൂല്യങ്ങൾ താഴെപ്പറയുന്നവയാണ്.

| | ആനുകൂല്യം | തുക |
|---|---|---|
| 1 | മരണാനന്തരാനുകൂല്യം | 10,000 രൂപ |
| 2 | വൈദ്യ സഹായം | 1,000 രൂപ (പ്രത്യേക കേസ്സുകളിൽ 10,000 രൂപ വരെ) |
| 3 | വിവാഹ വായ്പ | 2,000 രൂപ |
| 4 | അംഗൻവാടി ജീവനക്കാരുടെ മക്കളിൽ എസ്.എസ്.എൽ.സി ക്ക് എല്ലാ വിഷയയത്തിനും "A+" വാങ്ങുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡ് | 500 രൂപ |
| 5 | വിദ്യാഭ്യാസ വായ്പ | 1,000 രൂപ |
| 6 | വീടിന്റെ അറ്റകുറ്റപ്പണിക്ക് | 5,000 രൂപ |
| 7 | ഭവന നിർമ്മാണ വായ്പ | 10,000 രൂപ |

| | |
|---|---|
| | • നടപ്പ് സാമ്പത്തിക വർഷത്തിൽ അംഗൻവാടി പ്രവർത്തകർക്ക് 900 രൂപ വീതം ഫെസ്റ്റിവൽ അലവൻസ് അനുവദിച്ചിട്ടുണ്ട്.<br>• അംഗൻവാടി നിർമ്മാണത്തിനായി സൗജന്യമായി സ്ഥലം നൽകിയിട്ടുള്ള അംഗൻവാടി ജീവനക്കാർ വിരമിക്കുന്ന ഒഴിവിൽ അവരുടെ ഒരു ആശ്രിതയ്ക്ക് (മകൾക്കോ, സഹോദരിക്കോ) നിലവിലുള്ള യോഗ്യതാ മാനദണ്ഡങ്ങളനുസരിച്ച് അംഗൻവാടി ജീവനക്കാരിയായി നിയമനം നൽകുന്നതാണ്.<br>• അംഗൻവാടി ജീവനക്കാർ സേവനത്തിലിരിക്കെ മരണപ്പെട്ടാൽ അവരുടെ ആശ്രിതർക്ക് (പെൺമക്കൾക്കോ, അവരുടെ അഭാവത്തിൽ സഹോദരിക്കോ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അംഗൻവാടിയിൽ നിയമനം നൽകുന്നുണ്ട്.<br>• 62 വയസ്സ് പൂർത്തിയായി വിരമിക്കുന്ന അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി യഥാക്രമം 500 രൂപ, 300 രൂപ പ്രതിമാസ പെൻഷനായി നൽകി വരുന്നുണ്ട്.<br>• അംഗൻവാടിയിൽ നിന്നും വിരമിക്കുന്നവർക്കും പിരിഞ്ഞു പോകുന്നവർക്കും ക്ഷേമനിധിയിൽ അവർ അടച്ച വിഹിതവും തത്തുല്യമായ സർക്കാർ വിഹിതവും ടി തുകയുടെ 11% പലിശയും ചേർത്ത് ക്ഷേമനിധി ആനുകൂല്യമായും അനുവദിക്കുന്നുണ്ട്. |
| (ബി) അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം നിരക്ക് വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ; ഇത് സംബന്ധിച്ച് നിലപാട് അറിയിക്കുമോ; | (ബി) അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കണമെന്ന് അപേക്ഷിച്ച് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. 3.12.2013 ലെ സ.ഉ(എം.എസ്) നം. 106/2013/സാനീവ പ്രകാരം അംഗൻവാടി ജീവനക്കാരുടെ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം 1000 രൂപയിൽ നിന്നും 1400 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ വർദ്ധനവ് വരുത്തുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. |
| (സി) ഐ.സി.ഡി.എസിനെ മിഷൻ മോഡൽ ആക്കുന്നതോടെ പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരുമായി ആശയ വിനിമയം നടത്തിയിട്ടുണ്ടോ;വിശദമാക്കാമോ? | (സി) ഐ.സി.ഡി.എസ് മിഷൻ മോഡൽ ആക്കുന്നതോടെ പദ്ധതിയുടെ നടത്തിപ്പിൽ ദോഷകരമായ പ്രത്യാഘാതങ്ങളൊന്നും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് കേന്ദ്രസർക്കാരുമായി ആശയ വിനിമയം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ